*Malappuram District Police*

**18.06.2017 തിരൂർ**

തിരൂരിലെ പോലീസ് ക്വാർട്ടേഴ്സിൽ നിന്ന് എം.എസ്.പിക്കാരുടെ രണ്ടു ബൈക്കുകളും വിവിധ ജില്ലകളിൽ നിന്ന് വാഹനബാറ്ററികളും മോഷ്ടിച്ച രണ്ടുപേർ അറസ്റ്റിലായി. മലപ്പുറം കുട്ടായി മാസ്റ്റർപ്പടി സ്വദേശി കാക്കോച്ചിന്റെ പുരയ്ക്കൽ സഫ് വാന് (28), തമിഴ്നാട് ലാൽഗുഡിയിലെ അണ്ണാനഗർ കോളനി സ്വദേശിയും കോതമംഗലത്ത് താമസക്കാരനുമായ അരുണ്കുമാർ എന്ന നാഗരാജന് (28) എന്നിവരാണ് പിടിയിലായത്.

ഇവരിൽ നിന്ന് രണ്ടു ബൈക്കുകൾ, 66 വാഹനബാറ്ററികൾ, ചെമ്പുകമ്പികൾ, റേഡിയേറ്റർ എന്നിവ പിടിച്ചെടുത്തു. രണ്ടു ബൈക്കുകൾ ഇവർ പൊളിച്ചു വിറ്റിട്ടുണ്ട്. തിരൂർ പോലീസ് ലൈനിൽ പോലീസ് പിടിച്ചിട്ട തൊണ്ടിമുതലുകളായ വാഹനങ്ങളുടേതുൾപ്പെടെയുള്ള ബാറ്ററികളാണിവർ മോഷ്ടിച്ചത്.

തിരൂർ ഡിവൈ.എസ്.പി. വി.എ. ഉല്ലാസ്, തിരൂർ സി.ഐ. പി. അബ്ദുൾ റഷീദ്, താനൂർ സി.ഐ. സി. അലവി, എസ്.ഐ. സുമേഷ് സുധാകർ, എ.എസ്.ഐ. നാസർ, പോലീസുകാരായ രാജേഷ്, പ്രമോദ്, ഷാബു, ലൂഷ്യസ്, സജി, നിഷാദ്, ഷൈജു എന്നിവർ ചേർന്നാണ് പ്രതികളെ പിടികൂടിയത്. അരുൺകുമാറിനെ കോതമംഗലത്തുവെച്ചും സഫുവാനെ തിരൂരിൽ വെച്ചുമാണ് അറസ്റ്റു ചെയ്തത്. മണ്ണാർക്കാട്, ഒറ്റപ്പാലം, വടക്കാഞ്ചേരി, ചെർപ്പുളശ്ശേരി, തിരൂർ, താനൂർ എന്നിവിടങ്ങളിൽ നിന്നാണ് മൊബൈൽ ടവറിന്റേതുൾപ്പെടെയുള്ള ബാറ്ററികൾ പ്രതികൾ കവർച്ച ചെയ്തത്. പ്രതികളെ തിരൂർ മജിസ്ട്രേറ്റ് കോടതി റിമാൻറ് ചെയ്തു. രണ്ടു പ്രതികളെക്കൂടി പിടികിട്ടാനുണ്ട്.